## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5877 18.05.2017-ൽ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണം

**ചോദ്യം**

**ശ്രീ. വി. അബ്ദുറഹിമാൻ**

നോട്ട് നിരോധനവും അതേ തുടർന്ന് കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് കൊണ്ടുവന്ന നിയന്ത്രണവുംമൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധി മറികടക്കാൻ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)**

കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും സഹകരണ മേഖലയിലുണ്ടായ താത്ക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസകാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൽ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. ഇതിലൂടെ നിക്ഷേപകരുടെയും അംഗങ്ങളുടെയും വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ